ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ആഗോള വേദിയിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ മേക്ക് ഇൻ ഇന്ത്യ പദ്ധതി നിർണായക പങ്ക് വഹിച്ചതായി പ്രധാന മന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi shares glimpse of how 'Make In India' is propelling India's economy onto global stage.

2) തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ മരണമടഞ്ഞ ക്രിസ്റ്റഫർ ജോയിയുടെ മാതാവിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു.

Kerala cabinet decided to grant relief of Rs.10 lakh to the mother of Joy, the sanitation worker who drowned while cleaning Amayizhanchan canal.

3) കനത്ത മഴയിൽ കേരളത്തിൽ വ്യാപക നാശനഷ്ടം. അഞ്ച് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

Widespread damage reported in Kerala on heavy rainfalls. IMD issued Orange alert in five districts today.

4) കർഷകർക്ക് മോദി സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നതെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ. കർഷകരുടെ വരുമാനം ഇരട്ടിയാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും കേന്ദ്രമന്ത്രി.

Union Agriculture Minister Shivraj Singh Chouhan said that farmers and farming are the top priority of the government and Prime Minister Modi has set a target of doubling the income of farmers.

5) **ഒമാൻ തീരത്ത് എണ്ണക്കപ്പൽ മറിഞ്ഞ് 13 ഇന്ത്യക്കാരടക്കം 16 ജീവനക്കാരെ കാണാതായി.**

**A Comoros-flagged oil tanker has capsized off the coast of Oman, leaving all 16 crew members missing, including 13 Indian nationals.**

*****************************************************************************************

## PM-MAKE IN INDIA

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ആഗോള വേദിയിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ മേക്ക് ഇൻ ഇന്ത്യ പദ്ധതി നിർണായക പങ്ക് വഹിച്ചതായി പ്രധാന മന്ത്രി നരേന്ദ്ര മോദി. ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക്, ആഗോള വിപണികളിൽ പ്രിയമേറുന്നതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ നിർമിത സൈക്കിളുകൾ യുകെ, ജർമനി, നെതർലൻറ്സ് തുടങ്ങിയ രാജ്യങ്ങളിൽ തരംഗം സൃഷ്ടിക്കുകയാണ്. ബിഹാറിൽ നിർമ്മിച്ച ബൂട്ടുകൾ റഷ്യൻ സൈനിക വേഷത്തിൻറെ ഭാഗമായതായും ശ്രീ മോദി പറഞ്ഞു. അന്താരാഷ്ട്ര പ്രതിരോധ വിപണികളിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെയും, ഉയർന്ന ഉത്പാദന നിലവാരത്തെയുമാണ് ഇത് പ്രതിഫലിപ്പിക്കുന്നത്. ലോകകപ്പിനോട് അനുബന്ധിച്ച് കശ്മീർ നിർമിത വില്ലോ ബാറ്റുകളുടെ ആവശ്യകതയും ഉയർന്നിരുന്നു. ഇന്ത്യയുടെ യു.പി.ഐ സംവിധാനം ഒന്നിലധികം രാജ്യങ്ങളിൽ തടസ്സമില്ലാത്ത ഡിജിറ്റൽ പേയ്മെൻ്റുകൾ സാധ്യമാക്കുന്നതായും പ്രധാനമന്ത്രി വ്യക്തമാക്കി. ബ്ലാക്ക് ഫ്രൈഡേ, സൈബർ മൺഡേ വിൽപനകളിലെ ഇന്ത്യൻ ഉത്പന്നങ്ങളുടെ ആധിപത്യം ആഗോള ഇ-കൊമേഴ്സ് വിപണികളിൽ രാജ്യത്തിൻറെ വർദ്ധിച്ചുവരുന്ന സാന്നിധ്യത്തെ തുറന്നു കാട്ടുന്നതായും പ്രധാന മന്ത്രി പറഞ്ഞു.

*****************************************************************************************

## CABINET

തിരുവനന്തപുരം ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടയിൽ ഒഴുക്കിൽപ്പെട്ട് മരണമടഞ്ഞ ക്രിസ്റ്റഫർ ജോയിയുടെ മാതാവിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് തുക അനുവദിക്കുന്നത്.

*****************************************************************************************

## RAIN KERALA

വടക്കൻ കേരളത്തിലും മധ്യ കേരളത്തിലും കനത്ത മഴയിലും കാറ്റിലും വ്യാപകനാശം. അണക്കെട്ടുകളിലെ ജലനിരപ്പ് ഉയർന്നു. കല്ലാർകുട്ടി, മലങ്കര, ലോവർപെരിയാർ തുടങ്ങിയ സംഭരണികളിലെ ഷട്ടർ ഉയർത്തി. പെരിയാറിൽ ജലനിരപ്പ് ഉയർന്നു. ഭവാനിപ്പുഴ കരകവിഞ്ഞ് ഒഴുകുകയാണ്. പാലക്കാട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ വ്യാപക കൃഷിനാശമുണ്ടായി. മലയോരങ്ങളിലേക്കുള്ള രാത്രിയാത്രയ്ക്ക് വിലക്കുണ്ട്. പാലക്കാട്, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ വിനോദസഞ്ചാരകേന്ദ്രങ്ങൾ അടച്ചു. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത തുടരുന്നു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിക്കാൻ പോകരുതെന്ന് മുന്നറിയിപ്പുണ്ട്. കനത്ത മഴയുടെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ ഒമ്പത് ടീമുകളെ സംസ്ഥാനത്ത് വിന്യസിച്ചിട്ടുണ്ട്.

*****************************************************************************************

**KANNUR – (INTRO)**

കണ്ണൂർ ജില്ലയിൽ ശക്തമായ മഴയിലും കാറ്റിലും കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി അഞ്ച് വീടുകൾ പൂർണ്ണമായും, 78 വീടുകൾ ഭാഗികമായും തകർന്നു. ജില്ലയിൽ ഇന്ന് മഴയ്ക്ക് അൽപം ശമനമുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ..

(VOICE....)

***************************************************************************************

**ARJUN PANDYAN**

ലേബർ കമ്മീഷണർ അർജുൻ പാണ്ഡ്യനെ തൃശൂർ കളക്ടറായി നിയമിച്ച് സംസ്ഥാന സർക്കാർ ഉത്തരവായി.

വീണാ എൻ മാധവനായിരിക്കും പുതിയ ലേബർ കമ്മീഷണർ.

***************************************************************************************

**SHIVRAJ – AGRICULTURE**

2047-ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കാനുള്ള പരിശ്രമങ്ങളിൽ കൃഷിയും, കാർഷിക അനുബന്ധ മേഖലകളും നിർണായക പങ്ക് വഹിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ 96-ാമത് സ്ഥാപക ദിനാഘോഷങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 25 ഇനം വിളകളും ചടങ്ങിൽ അദ്ദേഹം പുറത്തിറക്കി. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ആത്മാവ് കൃഷിയാണെന്നും കർഷകർ അതിന്റെ നട്ടെല്ലാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. മോദി സർക്കാർ കർഷകർക്ക് പ്രഥമ പരിഗണന നൽകുന്നതായും, കർഷകരുടെ വരുമാനം ഇരട്ടിയാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

***************************************************************************************

## ALL PARTY MEET

പാർലമെൻറ്  ബജറ്റ് സമ്മേളനത്തിന് മുന്നോടിയായുള്ള സർവകക്ഷി യോഗം ഞായറാഴ്ച ചേരും.  ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ, എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം യോഗത്തിൽ സർക്കാർ തേടും. ഈ മാസം 22 മുതൽ അടുത്ത മാസം 12 വരെയാണ് ബജറ്റ് സമ്മേളനം. കേന്ദ്ര ബജറ്റ് ജൂലൈ 23-ന് അവതരിപ്പിക്കും.

*************************************************************************************

## NITI AAYOG

നിതി ആയോഗിൻറെ  ഘടന കേന്ദ്ര സർക്കാർ പുനസംഘടിപ്പിച്ചു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തര മന്ത്രി അമിത് ഷാ, ധനമന്ത്രി നിർമല സീതാരാമൻ എന്നിവർക്ക് പുറമേ കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനെക്കൂടി എക്സ് ഒഫീഷ്യോ അംഗമായി ഉൾപ്പെടുത്തി. കേന്ദ്രമന്ത്രിമാരായ നിതിൻ ഗഡ്കരി, ജെ പി നഡ്ഡ,  എച്ച്.ഡി.കുമാരസ്വാമി, ജിത്തൻ റാം മാജി, രാജീവ് രഞ്ജൻ സിംഗ്,  വീരേന്ദ്ര കുമാർ,  രാംമോഹൻ നായിഡു, ജുവൽ ഒറാം, അന്നപൂർണാ ദേവി, ചിരാഗ് പാസ്വാൻ, റാവു ഇന്ദർജിത് സിംഗ് എന്നിവരെ പ്രത്യേക ക്ഷണിതാക്കളായും ഉൾപ്പെടുത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദി നിതി ആയോഗ് അധ്യക്ഷനായും, സുമൻ ബെറി ഉപാധ്യക്ഷനായും തുടരും. വി.കെ സാരസ്വത്, പ്രൊഫ. രമേശ് ചന്ദ്, ഡോ. വി.കെ പോൾ, ആനന്ദ് വീരമണി എന്നിവരാണ് നിതി അയോഗിൻറെ മുഴുവൻ സമയ അംഗങ്ങൾ.

*************************************************************************************

## ANDHRA PRADESH-AMIT SHAH

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി  എൻ ചന്ദ്രബാബു നായിഡു കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ആന്ധ്രാപ്രദേശിന്റെ സാമ്പത്തിക സ്ഥിതിയും, നാല് ധവളപത്രങ്ങളിലെ

വിവരങ്ങളും അദ്ദേഹം കേന്ദ്രമന്ത്രിയെ ധരിപ്പിച്ചു. മുൻ സർക്കാരിൻറെ സാമ്പത്തിക ദുർവിനിയോഗവും, അഴിമതിയും ആന്ധ്രാപ്രദേശിനെ ദോഷകരമായി ബാധിച്ചെന്നും ശ്രീ നായിഡു പറഞ്ഞു. കേന്ദ്രവുമായി സഹകരിച്ച് സംസ്ഥാനത്തിൻ്റെ സമ്പദ്‌വ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് സമഗ്ര പദ്ധതി ആവിഷ്കരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

********************************************************************************************

**HC – MAMATA**

പശ്ചിമ ബംഗാൾ ഗവർണർ സി.വി.ആനന്ദ ബോസിനെതിരെ, മുഖ്യമന്ത്രി മമതാ ബാനർജിയും തൃണമൂൽ കോൺഗ്രസ് പ്രവർത്തകരും സമൂഹമാധ്യമങ്ങളിൽ അപകീർത്തികരമായ പ്രസ്താവനകൾ നടത്താൻ പാടില്ലെന്ന് കൽക്കട്ട ഹൈക്കോടതി ഉത്തരവിട്ടു. ഗവർണറുടെ പരാതിയിലാണ് കോടതി താത്കാലിക ഉത്തരവ് പുറപ്പെടുവിച്ചത്. അടുത്തമാസം 14 വരെയാണ് വിലക്ക്. ഗവർണർ ഭരണഘടനാ അധികാരിയാണെന്നും, അദ്ദേഹത്തിനെതിരെ വ്യക്തിപരമായ ആക്ഷേപങ്ങൾ പാടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. വ്യക്തി സ്വാതന്ത്ര്യം എന്നത് മറ്റൊരാളെ അപകീർത്തിപ്പെടുത്താനുള്ള അവകാശമല്ലെന്നും കോടതി നിരീക്ഷിച്ചു.

********************************************************************************************

**EXPORT INDIA**

നടപ്പ് സാമ്പത്തിക വർഷത്തിൻറെ ആദ്യ പാദത്തിൽ ഇന്ത്യയുടെ കയറ്റുമതി സുസ്ഥിര വളർച്ച രേഖപ്പെടുത്തിയതായി റിപ്പോർട്ട്. മരുന്ന്, എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയവയുടെ കയറ്റുമതിയിലാണ് വർധന രേഖപ്പെടുത്തിയിട്ടുള്ളത്. പരവതാനികൾ, കൈത്തറി ഉൽപന്നങ്ങൾ, പ്ലാസ്റ്റിക്, തുടങ്ങിയവയുടെ കയറ്റുമതിയിൽ വർധനയുണ്ടായിട്ടുണ്ടെങ്കിലും മുൻ മാസത്തേക്കാൾ

വളർച്ചാനിരക്ക് കുറവാണെന്ന് ക്രിസിൽ റിപ്പോർട്ട് പറയുന്നു. പഴങ്ങൾ, പച്ചക്കറികൾ, നോൺ-ഫെറസ് ലോഹങ്ങൾ, തുണിത്തരങ്ങൾ, മരം ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ളവയുടെ ഇറക്കുമതിയിലും മുൻ മാസത്തെ അപേക്ഷിച്ച് വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്.

**************************************************************************************

## OMAN - SHIP

ഒമാൻ തീരത്ത് എണ്ണക്കപ്പൽ മറിഞ്ഞ് 13 ഇന്ത്യക്കാരും, മൂന്ന് ശ്രീലങ്കക്കാരും ഉൾപ്പെടെ 16 ജീവനക്കാരെ കാണാതായി. 'പ്രസ്റ്റീജ് ഫാൽക്കൺ' എന്ന കപ്പലാണ് ഒമാനിലെ വ്യാവസായിക തുറമുഖമായ ദുഖ്മിന് സമീപം മറിഞ്ഞത്. എണ്ണ ചോർച്ചയുണ്ടായോ എന്ന കാര്യം ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. യെമനിലെ ഏദൻ തുറമുഖത്തേക്ക് പോകുന്നതിനിടെയാണ് കപ്പൽ അപകടത്തിൽപെട്ടത്. പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്.

**************************************************************************************

## DAY OMAN-SHOOTING

ഒമാനിലെ മസ്കറ്റിൽ അലി ബിൻ അബി താലിബ് പള്ളിക്ക് നേരേയുണ്ടായ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ഒമ്പതായി. മരിച്ചവരിൽ ഒരു പൊലീസുദ്യോഗസ്ഥനും ഉൾപ്പെടുന്നു. ഇന്ത്യയിൽ നിന്നുള്ള ഒരാൾ ഉൾപ്പെടെ 28 പേർക്ക് ആക്രമണത്തിൽ പരിക്കേറ്റു. അജ്ഞാതരായ മൂന്ന് തോക്കുധാരികളെ ഒമാനി സുരക്ഷാ സേന ഏറ്റുമുട്ടലിൽ വധിച്ചു. ആക്രമണത്തിൻറെ ഉത്തരവാദിത്തം ഇസ്‌ളാമിക് സ്റ്റേറ്റ് ഏറ്റെടുത്തു.

**************************************************************************************

**PREZ SPEECH - BOOK**

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ 75 പ്രസംഗങ്ങളുടെ സമാഹാരമായ വിംഗ്സ് ടു അവർ ഹോപ്പ്- ആദ്യ ഭാഗം കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ നാളെ പ്രകാശനം ചെയ്യും. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള പബ്ലിക്കേഷൻ ഡിവിഷനാണ് പുസ്തകം പുറത്തിറക്കുന്നത്.

**********************************************************************************************

**SC-NEET-UG**

മെയിൽ നടന്ന NEET-UG പരീക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ സുപ്രീം കോടതി നാളെ പരിഗണിക്കും. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് ഹർജികൾ പരിഗണിക്കുക. ഐഐടി-മദ്രാസ് നടത്തിയ പരിധോധനയിൽ വലിയ ക്രമക്കേടുകൾ നടന്നതായ സൂചന ലഭിച്ചിട്ടില്ലെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അറിയിച്ചിരുന്നു. നീറ്റ് ചോദ്യ പേപ്പർ ചോർച്ച ആരോപണവുമായി ബന്ധപ്പെട്ട് സിബിഐയും തൽസ്ഥിതി റിപ്പോർട്ട് നൽകിയിരുന്നു.

**********************************************************************************************

**WOMEN CRICKET**

ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റ് ടൂർണമെൻറിന് ശ്രീലങ്കയിൽ മറ്റന്നാൾ തുടക്കമാകും. ഹർമൻപ്രീത് കൗർ ഇന്ത്യൻ സംഘത്തെ നയിക്കും. ടൂർണമെൻറിൽ പങ്കെടുക്കുന്നതിനായി നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യൻ സംഘം ഇന്നലെ കൊളംബോയിലെത്തി.

**********************************************************************************************

**********************************************************************************************

**********************************************************************************************